"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 362/2010 നമ്പർ കേസ് - 09/11/2024-ലെ ലോക് അദാലത്ത് - ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1360/2025/LSGD തീയതി, തിരുവനന്തപുരം, 02-06-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 315/2025/ത.സ്വ.ഭ.വ, തീയതി, 01/02/2025.
3. സ.ഉ.(സാധാ) നം. 427/2025/ത.സ്വ.ഭ.വ, തീയതി, 11/02/2025.
4. സ.ഉ.(സാധാ) നം. 3533/2025/ധന, തീയതി, 09/04/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തൈക്കാട് വില്ലേജിൽ ശ്രീ. എസ്. അയ്യപ്പൻ പിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.65 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.362/2010 നമ്പർ കേസ്, തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ പരിഗണിക്കുകയും, ആറുമാസത്തിനകം തുക കെട്ടി വച്ചാൽ ആറ് മാസം വരെ പലിശയില്ല എന്ന വ്യവസ്ഥയിൽ 1,65,14,057/- രൂപ (ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനാലായിരത്തി അമ്പത്തിയേഴ് രൂപ മാത്രം)-യ്ക്ക് ഒത്തുതീർപ്പായിട്ടുള്ളതായും ആയതിനാൽ പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) എൽ.എ.ആർ.362/2010 നമ്പർ കേസുമായി ബന്ധപ്പെട്ട് 1,64,30,947/- രൂപ (ഒരു കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാല്പത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. അയ്യപ്പൻപിള്ളയ്ക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

3) ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 09/11/2024-ന് നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 1,65,14,057/- രൂപയിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പരാമർശം (2) പ്രകാരം റിലീസ് ചെയ്തിട്ടുള്ള 1,64,30,947/- രൂപ കിഴിച്ചുള്ള ബാക്കി തുകയായ 83,110/- രൂപ (എൺപത്തിമൂന്നായിരത്തി നൂറ്റിപത്ത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. അയ്യപ്പൻപിള്ളയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി

നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 84,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ, എൽ.എ.ആർ. 362/2010 നമ്പർ കേസുമായി ബന്ധപ്പെട്ട് 09/11/2024-ൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 1,65,14,057/- രൂപയിൽ നിന്നും പരാമർശം (2) പ്രകാരം റിലീസ് ചെയ്തിട്ടുള്ള 1,64,30,947/-രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 83,110/- രൂപ (എൺപത്തി മൂവായിരിത്തി ഒരുന്നൂറ്റി പത്ത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. അയ്യപ്പൻപിള്ളയ്ക്ക് അനുവദിക്കുന്നതിനായി 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

5) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. എസ്സ്. അയ്യപ്പൻപിള്ള, S/o Subbaiah, T.C.No.35/1484, Chenthitta Thycaud, Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/241/2024-FIN. dated 28.04.2025).
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/305/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 03-06-2025 16:02:10
സെക്ഷൻ ഓഫീസർ